**ശ്രദ്ധക്ഷണിക്കൽ**

1. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ

ശ്രീ. പ്രമോദ് നാരായൺ: സർ, വിശ്വത്തെ നിർമ്മിച്ച പരമ പിതാക്കന്മാരെന്ന് വേദങ്ങൾ; ശ്രേഷ്ഠ ശില്പികളെന്ന് പുരാണങ്ങൾ; ഹൃദയത്തിൽ കവിടെ ഭാവനയും വിരലുകളിൽ ദൈവത്തിന്റെ സ്പർശവുമുള്ള മഹാമാന്ത്രികരെന്ന് എഴുത്തുകാർ. ഇങ്ങനെയെല്ലാം വിശേഷിക്കപ്പെട്ട വിശ്വകർമ്മ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥയും അത് സൃഷ്ടിക്കുന്ന സങ്കടങ്ങളിലേക്കുമാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പുരാതനമായ ക്ഷേത്രങ്ങളും പ്രണയ പ്രതീകമായ താജ്മഹലും നാമെല്ലാമിരിക്കുന്ന ബൃഹത്തായ ഈ നിയമസഭാ സമുച്ചയവും കോടാനുകോടി പാർപ്പിടങ്ങളും നാനാജാതി മതസ്ഥർ അണിയുന്ന ആഭരണങ്ങളും മാത്രമല്ല, കർഷകരും തൊഴിലാളികളും കയ്യിലേന്തുന്ന പണിയായുധങ്ങളും അതോടൊപ്പം ലോഹക്കൂട്ടിൽ നന്ന് ഇന്ദ്രജാലങ്ങൾ തെളിയുമെന്ന് തെളിഞ്ഞ, സാംസ്കാരിക മുദ്രയായിത്തീർന്ന ആറന്മുള കണ്ണാടിയും വരെ ഈ നാടിന് സമ്മാനിച്ചൊരു ജനതയാണ് വിശ്വകർമ്മ സമുദായം. അവർ പരമ്പരാഗതമായി ചെയ്തിരുന്ന കല്പണി, മരപ്പണി,

വാർക്കപ്പണി, ആഭരണ നിർമ്മാണം ഈ മേഖലയിലേക്കെല്ലാം സ്വാഭാവികമായ യന്ത്രവൽക്കരണം കടന്നുവന്നു. അങ്ങനെ കടന്നുവന്നപ്പോൾ പരമ്പരാഗത തൊഴിലുകൾ ചെയ്തിരുന്ന ആളുകൾക്ക് തൊഴിൽ നഷ്ടമായി. കേരളത്തിൽ 40 ലക്ഷത്തോളം വരുന്ന വിശ്വകർമ്മ സമുദായത്തിന്റെ തൊഴിൽ നഷ്ടവും സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥയും പഠിക്കാൻ ഡോ. പി.എൻ. ശങ്കരനെ ഒരു കമ്മീഷനായി നിയോഗിച്ചു. എന്നാൽ ആ കമ്മീഷന്റെ ശിപാർശകൾ പരിഗണിക്കപ്പെട്ടില്ലെന്നതാണ് ഖേദകരം. ഒട്ടേറെ നീറുന്ന പ്രശ്നങ്ങളാണ് ആ മേഖലയിൽ നിലനിൽക്കുന്നത്. ക്ഷേമപെൻഷന്റെ കാര്യത്തിൽപ്പോലും വിവേചനവും വേർതിരിവും നിൽക്കുന്നുയെന്നുള്ളതാണ് യാഥാർത്ഥ്യം. അവർക്ക് ലഭിക്കുന്ന പെൻഷൻ കുറവാണെന്നാണ് ആ മേഖലയിൽ നിന്നുള്ള സംഘടനകൾ അഭിപ്രായപ്പെടുന്നുണ്ട്. അതുപോലെത്തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുവദിച്ചിട്ടുള്ള രണ്ട് ശതമാനം സംവരണം അത് മറ്റ് മേഖലകളിലേക്കും വർദ്ധിക്കണമെന്ന ആവശ്യവും ആ മേഖലയിൽ നിന്ന് ഉയരുന്നുണ്ട്. നമുക്ക് പിന്നാക്ക വികസന വകുപ്പും പിന്നാക്ക വികസന കോർപ്പറേഷനും ആർട്ടിസാൻസ് വികസന കോർപ്പറേഷനുമെല്ലാമുണ്ട്. ഈ വിഭാഗക്കാർക്ക് സാമ്പത്തിക സഹായം

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ഇനിയും വിപുലമാക്കണം. നിരവധി അവാന്തര വിഭാഗങ്ങളിലുള്ള വിശ്വകർമ്മജർക്കെല്ലാം ആ ആനുകൂല്യം ലഭിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുന്നുണ്ട്. എന്റെ മണ്ഡലമായ റാന്നിയിൽ ഒരു വിശ്വബ്രാഹ്മണ കോളേജുണ്ട്. അത് എയ്ഡഡ് കോളേജ് ആക്കണമെന്ന ആവശ്യം കാലങ്ങളായി സർക്കാരിന്റെ മുന്നിലാണ്. ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ, ടൂറിസം മേഖലയിൽ പരമ്പരാഗത ടൂറിസം, പൈതൃക ഗ്രാമങ്ങൾ എന്നിവയ്ക്ക് വലിയ സാദ്ധ്യതകളാണ്. ഞാൻ ആദ്യം സൂചിപ്പിച്ച ഇന്ദ്രജാലം പുഷ്പിക്കുന്ന ആറന്മുള കണ്ണാടിയിൽ എന്ന ലോക ടൂറിസത്തെ പ്രശസ്തരായ ബ്ലോഗ് എഴുത്തുകാർ വിശേഷിപ്പിച്ച ആറന്മുള കണ്ണാടിയും മാന്നാറിലെ ഓട് നിർമ്മാണവുമെല്ലാം വലിയ ക്രാഫ്റ്റ് വില്ലേജുകളാക്കി ടൂറിസം മേഖലയിൽ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയും. ആഭരണ തൊഴിലാളികൾക്കായിട്ടുള്ള ക്ഷേമനിധി ബോർഡുണ്ട്. ആ ബോർഡിന്റെ പ്രവർത്തനം നമുക്ക് ഇനിയും വിപുലമാക്കേണ്ടതുണ്ട്. തമിഴ്നാട് ഇക്കാര്യത്തിൽ പൈതൃക ഗ്രാമങ്ങളുണ്ടാക്കി ഈ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി ഏറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ്...

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, പിന്നാക്ക വിഭാഗത്തിലെ ആളുകൾക്കുവേണ്ടി പ്രതിജ്ഞാബദ്ധത പ്രവർത്തിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ ഇടപെടുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനും സമയബന്ധിതമായി പഠിച്ച് പരിഹാരം നിർദ്ദേശിക്കാനുമായി ഒരു കമ്മീഷനെ നിയോഗിക്കണമെന്നും അത് കൃത്യമായി നടപ്പിലാക്കണമെന്നുമുള്ള ഒരാവശ്യമാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ.പ്രമോദ് നാരായൺ ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ നോട്ടീസിനുള്ള മറുപടിയാണ്. അദ്ദേഹം വിശ്വകർമ്മജരെക്കുറിച്ച് വിശേഷിപ്പിച്ച കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഇതെല്ലാം ചെയ്തതിനുശേഷവും എല്ലാം ദൈവങ്ങളായിക്കഴിഞ്ഞാൽ അവർക്ക് വലിയ സ്ഥാനമില്ല. പുറത്താണ് പിന്നെ അവർക്ക് സ്ഥാനം. അതുസംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. അതുകൊണ്ട് അവരുടെ കാര്യത്തിൽ

പ്രത്യേകമായ പരിഗണന കൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് പിന്നോക്ക വിഭാഗത്തിലുൾപ്പെടുന്ന വിശ്വകർമ്മജരുടെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിന് 2012-ൽ ഡോ. പി. എൻ. ശങ്കരനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും കമ്മീഷൻ 31-12-2014-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. അതിൽ 21 ശിപാർശകളാണ് കമ്മീഷൻ റിപ്പോർട്ടിലുണ്ടായിരുന്നത്. ഇതിൽ 13 ശിപാർശകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിരുന്നു. വിശ്വകർമ്മജരുടെ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രധാനമായും ശിപാർശകളായി വന്നത്. പെൻഷൻ പദ്ധതിയിൽ വിശ്വകർമ്മജരായ എല്ലാ വിഭാഗത്തേയും ഉൾപ്പെടുത്തുന്നതിനും അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നുള്ളതായിരുന്നു. അവരുടെ എല്ലാ അവകാശങ്ങളും, എല്ലാ വിഭാഗങ്ങളെയുമുൾപ്പെടുത്തിയും പെൻഷൻ തുക മറ്റ് സാമൂഹിക പെൻഷനുകൾക്ക് തുല്യമായി വർദ്ധിപ്പിച്ച് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സാമൂഹിക ക്ഷേമ പെൻഷനോടൊപ്പം അവരുടെയും പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർനടപടികൾ അക്കാര്യത്തിൽ

ആവശ്യമില്ലെന്നാണ് തോന്നുന്നത്. അതോടൊപ്പം, ശിപാർശകളിന്മേൽ ഓരോ വകുപ്പുകളുമെടുക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. തൊഴിലും നൈപുണ്യവും, സഹകരണം, റവന്യൂ, വ്യവസായം തുടങ്ങിയ വകുപ്പുകളിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് അവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിശ്വകർമ്മജർക്ക് ഉദ്യോഗമേഖലയിൽ 3 ശതമാനം സംഭരണം നിലവിൽ അനുവദിക്കുന്നുണ്ട്. പ്രൊഫഷണൽ ഡിഗ്രി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് രണ്ടുശതമാനം സംവരണം നിലവിൽ അനുവദിക്കുന്നുണ്ട്. ആർട്സ് ആൻഡ് സയൻസ് ഡിഗ്രി/പി.ജി കോഴ്സുകൾക്ക് ഒ.ബി.എച്ച്. വിഭാഗങ്ങളോടൊപ്പം 3 ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. മെഡിക്കൽ പി.ജി. കോഴ്സുകളിൽ ഒ.ബി.എച്ച്. വിഭാഗങ്ങളോടൊപ്പം ഏഴ് ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ പിന്നോക്ക വിഭാഗങ്ങളുടെ കൃത്യമായ ജനസംഖ്യാക്കണക്കുകൾ ഔദ്യോഗികമായി ലഭ്യമല്ലാത്തതിനാൽ നിലവിലെ സംവരണ വിഹിതം പുനഃക്രമീകരിക്കുന്നത് പ്രായോഗികമല്ല. ജാതി തിരിച്ചുള്ള സെൻസസ് കണക്ക് എടുത്തിട്ടില്ല. അത് കേന്ദ്രഗവൺമെന്റ്

ശ്രമിച്ചിട്ടും നടപ്പിലാക്കണ്ടെ എന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത് പ്രായോഗികമല്ലെന്ന് കണ്ടിട്ടുണ്ട്. വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് മാത്രമായി ഇനിയൊരു പ്രത്യേക കമ്മിഷൻ, ഒരു കമ്മീഷൻ പഠിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും അതിന്റെയടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിനാൽ വിശ്വകർമ്മജർക്കുവേണ്ടി പ്രത്യേകമായൊരു കമ്മിഷനെവച്ച് പഠിക്കേണ്ട ആവശ്യമില്ല. കാര്യങ്ങളെല്ലാം പഠിച്ചിട്ടുണ്ട്. വീണ്ടുമൊരു കമ്മീഷനെവച്ച് പഠിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട സമുദായങ്ങളുടെ പ്രത്യേകമായ പ്രശ്നങ്ങൾ പഠിക്കേണ്ട സാഹചര്യമുണ്ടായാൽ അതിന് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷനെ ചുമതലപ്പെടുത്തുന്നുണ്ട്. ഏതെങ്കിലും വിഭാഗത്തെ സംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ വേണമെങ്കിൽ പിന്നോക്ക വിഭാഗകമ്മിഷനുണ്ട്. ആ കമ്മിഷൻതന്നെ ഓരോ വിഭാഗത്തിന്റെയും പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പ്രത്യേകമായൊരു കമ്മിഷൻ ഇതുസംബന്ധിച്ച് പഠിക്കാൻ വയ്ക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. വിശ്വകർമ്മജരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനായി ഗവൺമെന്റ് തീർച്ചയായും മുൻഗണന

നൽകുന്നതാണെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ശ്രീ. പ്രമോദ് നാരായണ്: സർ, പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിശദമായ രജിസ്ട്രേഷനും ബാങ്കുകളിൽനിന്നും അവർക്കാവശ്യമായ സമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി ആർട്ടിസാൻസ് സ്കിൽ ബാങ്ക് രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പിന്നോക്ക വികസന കോർപ്പറേഷൻ ആർട്ടിസാൻസിനുവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അവർക്ക് ടൂൾസ് വാങ്ങാനും മറ്റുകാര്യങ്ങൾക്കുവേണ്ടി എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. അവർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പിന്നോക്ക വികസന കോർപ്പറേഷനെത്തന്നെ നമുക്ക് ചുമതലപ്പെടുത്താവുന്നതാണ്. അക്കാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചൊരു ബാങ്കിംഗ് സംവിധാനം കൊണ്ടുവരേണ്ട ആവശ്യമില്ല. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലൂടെ ഇവരുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇനി അഡീഷണലായി ഒരു കോർപ്പറേഷനോ, ഒരു സ്ഥാപനമോ കൊണ്ടുവരേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

## 2. ടൂറിസം ആക്ഷൻ പ്ലാൻ

ശ്രീ. ടി. ജെ. വിനോദ്: സർ, പ്രകൃതി സൗന്ദര്യം, പൈതൃക കേന്ദ്രങ്ങൾ, സാംസ്കാരിക ഭാഷാ വൈദഗ്ധ്യം എന്നിവയാൽ സമ്പന്നമായ കൊച്ചിയാണ് ലോകത്തിന്റെ അമ്പത് ട്രാവൽ ഡെസ്റ്റിനേഷനുകളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. വിനോദ സഞ്ചാര മേഖലയുടെ പടിവാതിലെന്ന നിലയിൽനിന്ന് കേരള വിനോദ സഞ്ചാര മേഖലയുടെ ക്യാമ്പ് ഹൗസാക്കി കൊച്ചിയെ മാറ്റുന്നതിനുള്ള ശ്രമമാണ് ഇന്ന് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളത്. ഇന്ന് കൊച്ചിയിലെത്തുന്ന വിദേശ വിനോദ സഞ്ചാരികൾ, ആകർഷകമായ കൊച്ചിയിൽ ലക്ഷ്യസ്ഥാനങ്ങൾ ഒറ്റദിവസംകൊണ്ടുതന്നെ കറങ്ങികണ്ട് മൂന്നാറിലേയ്ക്കോ തേക്കടിയിലേയ്ക്കോ മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കോ അവർ യാത്ര ചെയ്യുന്ന ഒരു രീതിയാണ് കണ്ടുവരുന്നത്. ട്രാവലേഴ്സ് ചോയിസ് ഡെസ്റ്റിനേഷൻ അവാർഡ്, ലോൺലി പ്ലാനറ്റ് അവാർഡ് അടക്കമുള്ള നിരവധി പ്രസ്റ്റിജ്യസ് അവാർഡുകൾ കൊച്ചിയുടെ ടൂറിസത്തിന് ലഭ്യമായിട്ടുണ്ട്. നാഷണൽ ജോഗ്രഫിക്കൽ കണ്ടിരിക്കേണ്ട അൻപത് സ്ഥലങ്ങളിലൊന്നായി കൊച്ചിയെ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ ടൂറിസം അവാർഡുകളുടെ അടിസ്ഥാനത്തിലെത്തുന്ന ടൂറിസ്റ്റുകൾക്ക് അവരുടെ പ്രതീക്ഷ നിലനിർത്തുന്ന രീതിയിലുള്ള പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അതിനാൽ ടൂറിസം മാർക്കറ്റിംഗും

ടൂറിസം ഡെസ്റ്റിനേഷനുംവേണ്ടി ചെലവാക്കുന്ന തുക ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റായി ചെലവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അടുത്തകാലത്ത് ചെറായി, പോർട്ട് കൊച്ചി, മട്ടാഞ്ചേരി, കുമ്പളങ്ങി എന്നീ ചെറിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ നിരവധി ചെറിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഇനിയും വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. രണ്ടുവർഷം കൂടുമ്പോൾ നടക്കുന്ന ബിനാലെയുണ്ടെങ്കിൽപ്പോലും, കൊച്ചിയിൽ സ്ഥിരമായ ആധുനിക രീതിയിലുള്ള ആർട്ട് ഗാലറിയുടെ അഭാവമുണ്ട്. ഒരു കൾച്ചറൽ സെന്ററും അടിയന്തരമായി നമുക്ക് സ്ഥാപിക്കേണ്ടതുണ്ട്. ഇതൊക്കെ സ്ഥാപിച്ച്, ഒരു വിനോദ സഞ്ചാരി ചുരുങ്ങിയത് 10 ദിവസമെങ്കിലും കൊച്ചിയിൽ നിൽക്കുന്ന രീതിയിലുള്ള മൈക്രോ ഹൈഡൽ ടൂറിസം പ്ലാന്റ് അടിയന്തരമായി ചെയ്യേണ്ടതുണ്ട്. നമ്മുടെ ട്രഡീഷണൽ നോളഡ്ജ് സിസ്റ്റം കുമ്പളങ്ങിയിലെ പഴയ പായ നെയ്ത്തടക്കമുള്ള ചൈനീസ് ഫിഷിംഗ് നെറ്റും, മീൻപിടിത്തവും അതുമായി ബന്ധപ്പെട്ട അറിവുകളും മൺപാത്രങ്ങളുണ്ടാക്കുന്ന സ്ഥലങ്ങൾ കാണാൻ കഴിയുകയും നെയ്ത്ത്ശാലകൾ തുടങ്ങിയ ധാരാളം സ്ഥാപനങ്ങൾ തുടങ്ങേണ്ടതുണ്ട്. നിലവിലുള്ളത് പരിപാലിക്കേണ്ടതും അത്യന്താപേക്ഷിതമായിട്ടുണ്ട്. കൊച്ചി എന്നാൽ ടൂറിസം ഡെസ്റ്റിനേഷന്റെ ഡെവലപ്പ്മെന്റായി, സ്ട്രീറ്റുകളുടെ വികസനം, സൈനേജുകൾ, ഇലക്ട്രിക് മൊബിലിറ്റി, പെഡസ്റ്റലൈസേഷൻ, സൈക്ലിംഗ്

പോലുള്ള സൗകര്യങ്ങൾ നമുക്കൊരുക്കാൻ കഴിയണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. കൊച്ചിയിലെ കായൽ മഴക്കാലത്ത് മനോഹരമായ കാഴ്ചയാണ്. കൊച്ചി കായലിന്റെ സൗന്ദര്യം ആസ്വദിക്കാൻ മൺസൂൺ ടൂറിസം കൊച്ചിയിൽ ഒരുക്കേണ്ടതുണ്ട്. ചേപ്പനം, തൃപ്പൂണിത്തുറ ഹിൽ പാലസ് എന്നീ സ്ഥലങ്ങളിൽ വിദേശസഞ്ചാരികൾ അധികം സംസാരിക്കുന്ന സ്ഥലങ്ങളായി മാറിയിട്ടില്ല. തൃപ്പൂണിത്തുറ പെരിയാർ നദിയുടെ ചരിത്രം, അതുപോലെ മുസരീസ് കൊച്ചിയേയും കൊടുങ്ങല്ലൂരിനെയും ബന്ധിപ്പിക്കുന്ന ടൂറിസം സർക്യൂട്ടുകൾ എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇത്തരം പദ്ധതികളെയെല്ലാമുൾപ്പെടുത്തി ആക്ഷൻപ്ലാൻ തയ്യാറാക്കാൻ ടൂറിസം ഡിപ്പാർട്ട്മെന്റ് തയ്യാറാകുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്):സർ, കേരളത്തിന്റെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വളരെ പ്രധാനപ്പെട്ട കേന്ദ്രമാണ് കൊച്ചി. നഗരമേഖല, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കുമ്പളങ്ങി, ചെറായി, വൈപ്പിൻ തുടങ്ങിയ പ്രദേശങ്ങളുൾപ്പെടുന്ന കൊച്ചിയുടെ ടൂറിസം സാധ്യതകളെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കുകയെന്നുള്ളതാണ് ടൂറിസം വകുപ്പിന്റെ നിലപാട്. ഞങ്ങൾ

പലതവണയായി കൊച്ചിയിൽ നേരിട്ട് പോകുകയും അവിടെയുള്ള ജനപ്രതിനിധികളുമായും ടൂറിസം സ്റ്റേക്ക്ഹോൾഡേഴ്സുമായും ചർച്ച നടത്തുകയുണ്ടായി. കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ എത്തിച്ചേരുന്നത് കൊച്ചിയുൾപ്പെടുന്ന എറണാകുളം ജില്ലയിലാണ്. ഏറ്റവും പുതിയ കണക്കനുസരിച്ച്, 2022 ഒന്നാം പാതത്തിൽ അതായത്, 2022 ജനുവരി, ഫെബ്രുവരി, മാർച്ച്. 8,11,426 ആഭ്യന്തര വിനോദ സഞ്ചാരികൾ എത്തിയ എറണാകുളം ജില്ലയാണ് വിനോദ സഞ്ചാരികളുടെ വരവിൽ കേരളത്തിൽ ഒന്നാമതായി എത്തിയിട്ടുള്ളതെന്നുള്ളതെന്നത് ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. എറണാകുളം ജില്ലയാണ് കണക്കുകൾ അനുസരിച്ച് വിദേശ വിനോദ സഞ്ചാരികളുടെ വരവിലും മുന്നിൽ. നേരത്തെയുള്ള കണക്ക് പ്രകാരമാണ്. ഇപ്പോൾ കോവിഡ് സാഹചര്യമായതിനാൽ പൊതുവെ കുറവാണ്. കേരളത്തെ മേഖല തിരിച്ച് നോക്കുമ്പോൾ 52 ശതമാനം വിദേശ വിനോദ സഞ്ചാരികളും മധ്യകേരളത്തിലേയ്ക്കാണ് എത്തിയിട്ടുള്ളത്. നൂറ് വിനോദ സഞ്ചാരികൾ കേരളത്തിലെത്തിയാൽ 52 പേരും കൊച്ചി കേന്ദ്രീകരിച്ചാണ് വന്നിട്ടുള്ളത്. ഹോസ്പിറ്റാലിറ്റി സെക്ടറുകളുടെ കാര്യത്തിലും കൊച്ചി മറ്റ് ഇടങ്ങളെ

അപേക്ഷിച്ച് ഏറെ മുന്നിലാണ്. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്താൽ കൊച്ചിക്ക് ഇനിയും വികസന സാധ്യതയുണ്ട്. അതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയെന്നത് തന്നെയാണ് ടൂറിസം വകുപ്പ് പ്രധാന ലക്ഷ്യമായി കണക്കാക്കുന്നത്. വാട്ടർ ടൂറിസത്തിന്റെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സാഹചര്യം കൊച്ചിയിലുണ്ട്. വാട്ടർ മെട്രോയുടെ വരവോടുകൂടി അത് വർദ്ധിപ്പിക്കാനാകുമെന്നാണ് ഞങ്ങൾ വിലയിരുത്തിയിട്ടുള്ളത്. വാട്ടർ മെട്രോതന്നെ ഒരു ടൂറിസം ആകർഷണീയതയായി മാറുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. വാട്ടർ മെട്രോ തുറന്നിടുന്ന സാധ്യതയ്ക്കനുസരിച്ച് ഓരോ മേഖലയെയേയും നമുക്ക് വികസിപ്പിക്കാനാകണം. തുരുത്തുകളെ ടൂറിസം വികസനത്തിനായി എങ്ങനെ ഉപയോഗപ്പെടുത്താമെന്നും പരിശോധിക്കുന്നുണ്ട്. അതിനുള്ള മൈക്രോപ്ലാനാണ് തയ്യാറാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷൻ മുൻകയ്യെടുത്തും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് ; ഞങ്ങളുമായി ആലോചിക്കുന്നുണ്ട്. കൊച്ചി മേയർ ഇതുമായി ബന്ധപ്പെട്ട് പ്രത്യേകം ഇടപെട്ടിട്ടുണ്ട്. കോർപ്പറേഷനുമായി ചേർന്നുനടത്താവുന്ന ടൂറിസം പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ.

ടി. ജെ. വിനോദ് ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ നിർദ്ദേശമായി മുന്നോട്ടുവയ്ക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചി നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. കെ. ജെ. മാക്സിയും ഇതിലിടപെട്ടിട്ടുണ്ട്. എറണാകുളം ജില്ലയുടെ ചുമതലയുള്ള നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ശ്രീ. പി. രാജീവ് ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങളുടെ ചർച്ച നടത്തിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം പരിഗണിക്കാവുന്നതാണ്. കൂട്ടായ ചർച്ചയിലൂടെ തീരുമാനത്തിലെത്താം. ഇതുമായി ബന്ധപ്പെട്ട് അവിടത്തെ എം.പി.-യും ചില കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കൊച്ചി കേന്ദ്രമായി സംസ്ഥാനത്ത് ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നകാര്യവും സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഫുഡ് ടൂറിസത്തെയും ഇതോടൊപ്പം ചേർത്തുവയ്ക്കണം. അതിന്റെ ഭാഗമായി കൊച്ചി-വെണ്ടുരുത്തി പഴയ പാലം ഫുഡ് സ്ട്രീറ്റായി മാറ്റാനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. പഴയ പാലം ഫുഡ് സ്ട്രീറ്റായി മാറുകയാണെങ്കിൽ കേരളത്തിലാകെയിത് വ്യാപിപ്പിക്കാനാകും. കേരളത്തിലെ ആദ്യ ഫുഡ് സ്ട്രീറ്റ് കൊച്ചിയിൽ കൊണ്ടുവരാനുള്ള ശ്രമമാണ് ഇപ്പോൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് വിജയിച്ചാൽ

മറ്റെല്ലായിടങ്ങളിലും വെറുതെ കിടക്കുന്ന പാലങ്ങൾ ഫുഡ് സ്ട്രീറ്റാക്കി മാറ്റാനുള്ള പ്രവർത്തനം സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുണ്ടെങ്കിൽ സാദ്ധ്യമാകുന്നതാണ്. വ്യത്യസ്തങ്ങളായ പൈതൃകമുൾക്കൊള്ളുന്ന ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും സ്പൈസ് ടൂറിസത്തിന്റെ ഭാഗമായി മാറ്റാനും ആലോചിക്കുന്നുണ്ട്. ഇതനുസരിച്ച് കൊച്ചിയിലെ അടിസ്ഥാനസൗകര്യവികസനവും അനിവാര്യമാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസുകൾ നവീകരിക്കാൻ തീരുമാനിച്ചപ്പോൾ അതിൽ ആദ്യം തെരഞ്ഞെടുത്തത് ഫോർട്ട് കൊച്ചിയിലെ റെസ്റ്റ് ഹൗസാണെന്നത് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ടൂറിസം കേന്ദ്രത്തിൽ കൂടുതൽ താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യമാണ് ഇതിനുപിന്നിലുള്ളത്. കൊച്ചിയിൽ ഇത്തരത്തിലൊരു വളർച്ച സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങളുടെ പരിപാലനവും പ്രധാനമാണ്. പരിപാലനം ഉറപ്പാക്കാൻ ടൂറിസം ക്ലബ്ബുകൾ കോളേജുകളിൽ രൂപീകരിക്കുമ്പോൾ അതിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ ഏറ്റെടുക്കേണ്ട കാര്യത്തിൽ കൊച്ചിയിലെ കലാലയങ്ങൾക്ക് പ്രധാന പരിഗണന നൽകുമെന്നതും ഞാനിവിടെ

അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇപ്രകാരം കൊച്ചിയെ വളർത്താനുള്ള എല്ലാ ശ്രമവും ടൂറിസം വകുപ്പ് നടത്തുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: കൊച്ചിയിലെത്തുന്ന ടൂറിസ്റ്റുകൾക്ക് കൊച്ചിയിൽനിന്നും ഒരുമണിക്കൂർ യാത്ര ചെയ്ത് തിരിച്ച് കൊച്ചിയിലെത്തുന്ന രീതിയിൽ ഒരു മൈക്രോ ടൂറിസം പദ്ധതിക്ക് ഗവൺമെന്റ് ആവിഷ്കാരം നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: തീർച്ചയായും. എന്റെ മറുപടിയിൽ ഇക്കാര്യം ചെറിയ രീതിയിൽ സൂചിപ്പിച്ചിരുന്നു. ഇത് പരിഗണിച്ച് മുന്നോട്ടുപോകാവുന്ന കാര്യമാണ്.